# മൊബൈൽ ടവർ ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ

മൊബൈൽ ഫോൺ ആശയവിനിമയത്തിന് സൗകര്യപ്രദമാണെങ്കിലും അത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉയർത്തുന്നതായി പഠനറിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. മൊബൈൽടവറുകളിൽ നിന്നുള്ള റേഡിയോ ഫ്രീക്വൻസി വികിരണം തലച്ചോറിൽ ട്യൂമർ, രക്താർബുദം, ഓർമ്മക്കുറവ്, വന്ധ്യത മുതലായവയ്ക്ക് കാരണമാകുമത്രേ. അതുകൊണ്ടാണ് ലോകാരോഗ്യ സംഘടന ജനവാസകേന്ദ്രങ്ങൾ, കളിസ്ഥലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ മുതലായവയ്ക്ക് സമീപം മൊബൈൽ ടവറുകൾ സ്ഥാപിക്കരുതെന്ന് നിഷ്കർഷിക്കുന്നത്. ഒരു മൊബൈൽ ടവർ പല കമ്പനികൾക്ക് പങ്കിട്ട് ഉപയോഗിക്കാമെന്നിരിക്കെ, കമ്പനികൾ യാതൊരു നിയന്ത്രണവുമില്ലാതെ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിൽ മത്സരമാണ്. ഒരു മൊബൈൽ ടവറിന് 30 മുതൽ 100 മീറ്റർ വരെ ഉയരവും ജനറേറ്റർ ഉൾപ്പെടെ 18 ടണ്ണോളം കേവ് ഭാരവും ഉണ്ട്. ഇത് പലയിടത്ത് സ്ഥാപിച്ചിട്ടുള്ളത് വേണ്ടത്ര ഉറപ്പില്ലാത്ത കെട്ടിടങ്ങളുടെ മുകളിലുമാണ്. ഇത് നിലംപതിക്കുകയാണെങ്കിൽ ഉണ്ടാകുന്ന അപകടത്തെപ്പറ്റി ആശങ്കയുമുണ്ട്. കഴിഞ്ഞ കാലവർഷക്കാലത്ത് പുതുനഗരത്ത് ഒരു മൊബൈൽ ടവർ കാറ്റത്ത് പറന്ന് നിലംപതിച്ചതു മൂലം ഒരു വീട് അപ്പാടെ തകർന്നു. മൊബൈൽ ടവറിൽ നിന്നുള്ള റേഡിയോ ഫ്രീക്വൻസി പ്രസരണം മനുഷ്യകോശങ്ങളെ ബൃഹത്തായി ബാധിക്കുന്നു. എന്നതുകൊണ്ടാണ് ടവറിന് അഭിമുഖമായി ഒരേ അവസ്ഥയിൽ അഞ്ചു മിനിട്ടിൽ കൂടുതൽ നിൽക്കരുതെന്ന് ആരോഗ്യ ശാസ്ത്രജ്ഞന്മാർ നിർദ്ദേശിക്കുന്നത്.

**നമ്മുടെ കുഞ്ഞുങ്ങളെ എങ്ങനെ ബാധിക്കുന്നു?**

1. തലച്ചോറിന്റെ പ്രവർത്തനക്ഷമതക്കുറവ്, ബുദ്ധിമാന്ദ്യം എന്നിവ സംഭവിക്കുന്നു.
2, വളർച്ച മുരടിക്കുന്നു, വിളർച്ച ദൃശ്യമാവുന്നു
3. കാഴ്ചക്കുറവും അടിക്കടി കണ്ണുവേദനയും കണ്ണിൽ നിന്ന് നീരൊലിപ്പും ഉണ്ടാവുന്നു.
4. നവജാതശിശുക്കൾ ജനിതക വൈകല്യങ്ങൾ പ്രദർശിപ്പിക്കുന്നു.

**പ്രായമായവരെ ബാധിക്കുന്നതെങ്ങനെ?**

1. ഉറക്കക്കുറവും തന്മൂലം അസ്വസ്ഥതയും.
2. മറവി രോഗത്തിന്റെ(അൽഷിമേഴ്സ്) ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നു.
3. രക്താർബുദം പോലുള്ള രോഗങ്ങൾക്ക് സാധ്യത.
4. സ്ത്രീകൾക്ക് വന്ധ്യതയുണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്.

# വയനാട്ടിലെ തോട്ടങ്ങളിൽ മാരക രോഗങ്ങൾ പടരുന്നു

സി.ഡി. സുനീഷ്

വയനാട്ടിലെ തോട്ടം മേഖലകളായ മേപ്പാടി, പൊഴുതന, മാനന്തവാടി മേഖലകൾ കാൻസർ ഗ്രാമങ്ങളായി മാറുന്നു. നിരോധിച്ചതും, സുരക്ഷിതമല്ലാതെയുള്ള കീടനാശിനി പ്രയോഗങ്ങളുമാണ് ഇതിന് കാരണമെന്ന് പല പഠനങ്ങളും വിരൽ ചൂണ്ടുന്നു.

തലമുറകളിലേക്ക് കൂടി പടരുന്ന ഈ വിപത്തിന്റെ ഇരകൾ ഇന്ന് കുട്ടികൾ കൂടിയാണ്. പാരാതി നൽകിയാൽ ജോലി പോകുമെന്നു കരുതി പലരും നിശ്ശബ്ദരായി തേയിലതോട്ടങ്ങളിൽ ജോലി ചെയ്യുകയാണ്. ഒരു നിയന്ത്രണവും സുരക്ഷിതമാർഗ്ഗങ്ങളും ഇല്ലാതെയുമാണ് എല്ലാ തേയില തോട്ടങ്ങളും കീടനാശിനി പ്രയോഗം നടത്തുന്നത്.

ഈയ്യിടെ ഗർഭസ്ഥശിശുക്കൾ പോലും പലരോഗ സൂചനകളും കണ്ടുതുടങ്ങിയതായി ഈ മേഖലയിലെ പൊതു പ്രവർത്തകർ സാക്ഷ്യപ്പെടുത്തുന്നു. മറ്റു രാജ്യങ്ങളിൽ നിരോധിക്കപ്പെടുന്ന കീടനാശിനി പേരുമാറ്റിയാണ് ഇവിടെ ഉപയോഗിക്കുന്നത്. പേരുകളിൽ മാറ്റമുണ്ടെങ്കിലും അതിൽ അടങ്ങിയിരിക്കുന്ന രാസവസ്തുക്കൾ സാമ്യമുള്ളതാണ്. ഒരു ചെടിയിൽ കീടനാശിനി തെളിക്കുമ്പോൾ ഈ രാസവസ്തുക്കളിൽ ചെറിയ ശതമാനം മാത്രമാണ് ചെടി സ്വീകരിക്കുന്നത്. ബാക്കിയുള്ളവ മണ്ണിൽ ലയിച്ച് സമീപത്തെ ജലാശയങ്ങളിൽ ഉറവകളിലും കിണറുകളിലുമെത്തുന്നു. അതിനാൽ തോട്ടങ്ങളിലെ സമീപവാസികൾ രോഗങ്ങളുടെ ഇരകളായി തീരുന്നു.

തേയില തോട്ടങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാസംവിധാനങ്ങൾ ഒന്നും ഇല്ല. മാസ്ക്, ഗ്ലൗസ്, ഓവർക്കോട്ട് എന്നിവ നൽകണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും ഇവയൊന്നും പാലിക്കപ്പെടുന്നില്ല. സ്ത്രീ തൊഴിലാളികളാണ് ഈ മേഖലയിൽ കൂടുതൽ ജോലി ചെയ്യുന്നത്.

തേയില തോട്ടങ്ങളിൽ നടക്കുന്ന അനിയന്ത്രിതവും അശാസ്ത്രീയവുമായ കീടനാശിനി പ്രയോഗത്തിനെതിരെ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് പ്രക്ഷോഭം ആരംഭിക്കുമെന്ന് കോൺഗ്രസ്സ് ബ്ലോക്ക് സെക്രട്ടറി കെ. ആർ. ഷൈജു പറഞ്ഞു. അധികൃതർക്ക് പരാതി നൽകിയിട്ടുണ്ടെങ്കിലും നടപടിയൊന്നും ഉണ്ടായിട്ടില്ല.

അലർജി, ത്വക്ക് രോഗങ്ങൾ, ആസ്ത്മ, കാൻസർ എന്നീ രോഗങ്ങളാണ് ഈ മേഖലയിൽ വർദ്ധിച്ച് വരുന്നത്. പരാതി നൽകിയിട്ടും നടപടിയുണ്ടാവാത്തതിൽ പ്രതിഷേധിച്ച് പ്രക്ഷോഭത്തിനൊരുങ്ങുകയാണെന്ന് ഷൈജു പറഞ്ഞു.

*നിങ്ങളുടെ കേരളീയം മാസിക കൂടുതൽ മെച്ചപ്പെടുത്താൻ ആലോചിക്കുന്നു. എങ്ങനെയെല്ലാം?*
*നിങ്ങൾ വായനക്കാരുടെ പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു. എഴുതുക/പറയുക.*
*കേരളീയം, കൊക്കാലെ, തൃശൂർ-21. ഫോൺ : 9446576943*